LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷകൾ പരിശോധിക്കുന്ന വേളയിൽ മരത്തിന്റെ പഴക്കവും അപകട സാധ്യതയും കണക്കാക്കുമ്പോൾ റോഡിന്റെ അലൈൻമെന്റിൽ കാഴ്ചമറയ്ക്കുന്ന തരത്തിലാണോ പ്രസ്തുത മരം നിൽക്കുന്നതെന്നുകൂടി പരിശോധിക്കാൻ സാങ്കേതിക അറിവുള്ള ഗതാഗത വകുപ്പിന്റെയോ പൊതുമരാമത്ത് വകുപ്പിന്റെയോ നാറ്റ്പാക്കിന്റെയോ പ്രതിനിധികൾ നിലവിലുള്ള പരിസ്ഥിതി കമ്മിറ്റിയിലില്ല. ഇത്തരത്തിൽ പ്രസ്തുത പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുവാൻ നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) പ്രസ്തുത മരങ്ങൾ റോഡിലേക്ക് പതിക്കുന്നതുമൂലമുള്ള അപകടങ്ങളിൽ പ്പെടുന്നവർക്ക് നഷ്ടപരിഹാരത്തിന് അർഹതയുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത മരങ്ങൾ റോഡിലേക്ക് പതിക്കുന്നതുമൂലമുള്ള അപകടങ്ങളിൽപ്പെടുന്നവർക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നില്ല.

(ഇ) സ്വകാര്യവ്യക്തികളുടെ പറമ്പിൽ നിൽക്കുന്ന മരം വീണ് കേടുപാടുകൾ സംഭവിച്ചാൽ അയൽവാസിക്ക് നഷ്ടപരിഹാരത്തിന് അർഹതയുള്ള സാഹചര്യത്തിൽ പൊതുനിരത്തിലുള്ള മരങ്ങൾമൂലം അപകടമുണ്ടാകുന്ന വേളയിലും നഷ്ട പരിഹാരത്തിന് അർഹത നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പൊതുനിരത്തിലുള്ള മരങ്ങൾമൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ട പരിഹാരം നൽകുന്നത് നിലവിൽ വനം-വന്യജീവി വകുപ്പിന്റെ പരിഗണനയിലില്ല.

മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട തടികളുടെ ഉറവിടം

163(909) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് പെരുമ്പാവൂരിലെ മില്ലിൽനിന്നും കല്ലുപ്പാടി-കപ്പാടി റോഡ് അരികിൽനിന്നും കണ്ടെത്തിയ തടികളുടെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച അന്വേഷണം പുരോഗമിച്ചുവരികയാണ്.

ആദിവാസി സെറ്റിൽമെന്റിലുള്ളവർക്ക് വനാവകാശ രേഖകൾ നൽകുന്നത്

164 (910) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമപ്രകാരം കേരളത്തിലെ ആദിവാസി സെറ്റിൽ മെന്റിലുള്ള എത്ര പേർക്കാണ് വനാവകാശ രേഖകൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് വനാവകാശ നിയമം (The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Act, 2006) പ്രകാരം നാളിതുവരെയായി 26600 പേർക്ക് ഭൂമിക്കുള്ള കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇനിയും എത്രപേർക്ക് പ്രസ്തുത രേഖകൾ നൽകാനുണ്ടെന്ന് വിശദമാക്കാമോ?

വനാവകാശ രേഖയ്ക്കായി ലഭിച്ച അപേക്ഷകളിൽ ജില്ലാതല കമ്മിറ്റി (DLC) പാസ്സാക്കിയതിൽ കൈവശാവകാശ രേഖ നൽകാനുള്ള 1098 അപേക്ഷകളിൽ കൈവശാവകാശ രേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാമസഭയിൽ 271 അപേക്ഷകളും സബ് ഡിവിഷൻ ലെവൽ കമ്മിറ്റി (SDLC)-യിൽ 3634 അപേക്ഷകളും ജില്ലാതല കമ്മിറ്റി (DLC)-യിൽ 348 അപേക്ഷകളും നിലവിലുണ്ട്. കൂടാതെ, പുതിയ അപേക്ഷകളിൽ വനാവകാശ കമ്മിറ്റികൾ മുഖേനയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(സി) വനാവകാശ രേഖകൾ നൽകുന്നതിനായി സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

(സി&ഡി) വനാവകാശ രേഖയ്ക്കായി ലഭിക്കുന്ന അപേക്ഷകളിൽ സംയുക്ത പരിശോധനയും സർവ്വേയും നടത്തിയ ശേഷമാണ് കൈവശാവകാശ രേഖ വിതരണം ചെയ്യുന്നത്. ജില്ലാതല കമ്മിറ്റി (DLC)-ക്ക് മുന്നിലുള്ള 348 അപേക്ഷകളിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സബ് ഡിവിഷൻ ലെവൽ കമ്മിറ്റി (SDLC)-ക്ക് മുന്നിലുള്ള 3634 അപേക്ഷകളിൽ സർവ്വേ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

കാവ് സംരക്ഷണ പദ്ധതി

165(911) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ സംരക്ഷിക്കുന്നതിന് വനംവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'കാവ് സംരക്ഷണ പദ്ധതി'യിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

24-12-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 485/16/വനം, ഉത്തരവ് പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതി നിലവിലുണ്ട്. പ്രസ്തുത ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണ